# സുന്നത്തും ബിദ്അത്തും

عَنْ أُمِّ الْمُؤْمِنِين أُمُّ عَبْد اللّه عائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ قَالَ رَسُولُ اللَّهِ ﷺ
مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ.(متفق عليه)

**റസൂൽ (സ) തിരുമേനി പ്രസ്താവിച്ചതായി ഉമ്മുൽ മുഅ്മിനീൻ ഉമ്മു അബ്ദില്ലാ ആഇശ*(റ) ഉദ്ധരിക്കുന്നു: "നമ്മുടെ ഈ ദീനിൽ ആരെങ്കിലും അതിൽപെട്ടതല്ലാത്ത വല്ലതും പുതുതായി ആവിഷ്കരിച്ചാൽ അത് തള്ളപ്പെടേണ്ടതാകുന്നു."**

ഏതൊരു മുസ്‌ലിമും അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാനതത്ത്വമാണ് നബി (സ) ഈ വചനത്തിലൂടെ പഠിപ്പിക്കുന്നത്. ദീൻ അല്ലാഹുവിന്റേതാണ്. അതവൻ അവന്റെ അന്ത്യപ്രവാചകനിലൂടെ സമ്പൂർണമായി മനുഷ്യർക്കവതരിപ്പിച്ചുതന്നിട്ടുണ്ട്. അല്ലാഹു പറഞ്ഞു: "ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തിയാക്കുകയും എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർണമാക്കിത്തരികയും ഇസ്‌ലാമിനെ നിങ്ങൾക്ക് ദീനായി തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു"(ഖുർആൻ 5:3). ദീനുൽ ഇസ്‌ലാം പൂർണമാണ്, അതിൽ ഇനി യാതൊന്നും കൂട്ടിച്ചേർക്കാനോ കുറക്കാനോ ഇല്ല. ആർക്കും അങ്ങനെ ചെയ്യാൻ അധികാരവുമില്ല. വല്ലവരും അതിൽപെട്ടതല്ലാത്ത വല്ലതും കൂട്ടിച്ചേർക്കുകയോ അതിൽപെട്ട വല്ലതും കുറക്കുകയോ ചെയ്താൽ അത് സ്വീകരിക്കാവതല്ല. ഇവിടെ പുതുതായി ആവിഷ്കരിക്കുക എന്നു പറഞ്ഞത് ദീനീനിയമങ്ങളെയും തത്ത്വങ്ങളെയും കുറിച്ചാണ്. 'ദീനിൽപെട്ടതല്ലാത്തത്' എന്നതുകൊണ്ടുദ്ദേശ്യം ദീനിന്റെ അടിസ്ഥാനതത്ത്വങ്ങൾക്കോ അല്ലാഹു അവതരിപ്പിച്ചുതന്ന നിയമവ്യവസ്ഥക്കോ വിരുദ്ധമായത് എന്നാണ്. ഇങ്ങനെ ആവിഷ്കരിക്കപ്പെടുന്ന പുത്തൻ വിശ്വാസങ്ങളെയും ആചാരങ്ങളെയും 'ബിദ്അത്ത്' എന്ന് വിളിക്കുന്നു. ബിദ്അത്തുകൾക്ക് ഒരു ഉദാഹരണം: അടിമകളുടെ പ്രാർഥന കേൾക്കാൻ കഴിവും അർഹതയുമുള്ളത് അല്ലാഹുവിന് മാത്രമാണ് എന്നത് ദീനുൽ ഇസ്‌ലാമിന്റെ അടിസ്ഥാനതത്ത്വമാണ്. പ്രവാചകനോ അവിടത്തെ സ്വഹാബത്തോ അല്ലാഹുവല്ലാത്ത ആരെയും വിളിച്ചുപ്രാർഥിച്ചിരുന്നില്ല. പ്രവാചകവര്യന്മാരും ഔലിയാക്കളും അല്ലാഹുവിന്റെ സാമീപ്യം നേടിയവരായതുകൊണ്ട് അവരെയും വിളിച്ചുപ്രാർഥിക്കുന്നത് നല്ലതാണെന്ന ഒരു വാദം പിൽക്കാലത്ത് ഉയർന്നുവരികയും സമൂഹത്തിൽ പ്രചരിക്കുകയും ചെയ്തിട്ടുണ്ട്. ഇതാണ് 'ഇസ്തിഗാഥ' എന്നറിയപ്പെടുന്നത്. ദീനുൽ ഇസ്‌ലാമിന്റെ മേൽപറഞ്ഞ അടിസ്ഥാനതത്ത്വത്തിന് വിരുദ്ധമാകയാൽ ഈ സമ്പ്രദായം ബഹുദൈവത്വപരമായ ആചാരവും തള്ളപ്പെടേണ്ട ബിദ്അത്തുമാകുന്നു.

പ്രവാചകചര്യയുടെയോ മറ്റു ശർഈ പ്രമാണങ്ങളുടെയോ പിൻബലമില്ലാതെ, ദൈവപ്രീതിക്കുതകുന്നതെന്നോ ദീനുൽ ഇസ്‌ലാമിന്റെ ഭാഗമെന്നോ ആരോപിച്ചുകൊണ്ട് സ്വന്തംനിലയിൽ ആവിഷ്കരിക്കുന്ന കർമവും വാക്കും വിശ്വാസവും എന്നതാണ് ബിദ്അത്തിന്റെ സാങ്കേതികമായ നിർവചനം. പ്രവാചകചര്യയുടെയും മറ്റു ദീനീപ്രമാണങ്ങളുടെയും താൽപര്യമായോ കാലികമായ വികാസമായോ ആവിഷ്കൃതമാകുന്ന പുതിയ സമ്പ്രദായങ്ങൾ ബിദ്അത്തിൽ പെടുന്നില്ലെന്ന് ഈ നിർവചനം സ്വയം വ്യക്തമാക്കുന്നുണ്ട്. മദ്യപാനം ഇസ്‌ലാം കർശനമായി നിരോധിച്ചിട്ടുണ്ട്. അത് ബുദ്ധിയെ തകരാറിലാക്കുകയും മനുഷ്യനെ ദുർവൃത്തികളിലേക്കു നയിക്കുകയും ചെയ്യുന്നു. എന്നാൽ, മയക്കുമരുന്നുകൾ ഖുർആൻ നിരോധിച്ചതായി കാണുകയില്ല. പക്ഷേ, മദ്യത്തെക്കാൾ വലിയ വിപത്താണ് മയക്കുമരുന്നുകളുടെ ഉപയോഗം. അതുകൊണ്ട് പിൽക്കാലത്ത് മയക്കുമരുന്നുകൾ പ്രചാരത്തിൽ വന്നപ്പോൾ പണ്ഡിതന്മാർ അവയും മദ്യംപോലെ നിഷിദ്ധമാണെന്നു വിധിച്ചു. ആ വിധി ദീനിൽപെട്ടതുതന്നെയാണ്. ഇങ്ങനെ ശർഈ പ്രമാണങ്ങളുടെ താൽപര്യമായി ആവിഷ്കരിക്കപ്പെടുന്ന പുതിയ ചട്ടം അതിന്റെ പ്രാധാന്യവും പ്രസക്തിയും അനുസരിച്ച് നിർബന്ധവും അഭികാമ്യവും അനുവദനീയവും ഒക്കെ ആയിത്തീരുന്നു.

മറ്റൊരു ഉദാഹരണം: ഇക്കാലത്തുള്ള രൂപത്തിൽ, നബി(സ)യുടെ കാലത്ത് പ്രാഥമിക മദ്റസകളോ കോളേജുകളോ യൂനിവേഴ്സിറ്റികളോ സ്ഥാപിച്ചു നടത്തിയിരുന്നില്ല. പക്ഷേ, വിദ്യാഭ്യാസം നിർബന്ധമാണെന്ന് ഇസ്‌ലാം അനുശാസിച്ചിട്ടുണ്ട്. ഈ അനുശാസനത്തിന്റെ കാലോചിതമായ പ്രയോഗവത്കരണം എന്ന നിലക്ക് അത്തരം സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തേണ്ടത് ഇന്നത്തെ സമൂഹത്തിന്റെ നിർബന്ധബാധ്യതയാകുന്നു. എന്നാൽ പ്രത്യേക സ്ഥലങ്ങളിലും സന്ദർഭങ്ങളിലും പ്രവാചകചര്യയുടെ പിൻബലമില്ലാത്ത പുതിയതരം ആരാധനാചടങ്ങുകളേർപ്പെടുത്തുന്നത് ബിദ്അത്താണ്. ഉദാഹരണം: ഖബ്റിടങ്ങൾ കെട്ടിപ്പൊക്കി പ്രാർഥനാലയങ്ങളാക്കുക, ആണ്ടുനേർച്ചകളനുഷ്ഠിക്കുക. അതേസമയം ദീനിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതും അതിന്റെ അടിസ്ഥാനതത്ത്വങ്ങൾക്കിണങ്ങുന്നതുമായ പുത്തൻസമ്പ്രദായങ്ങൾ അനുകരണീയമായ സുന്നത്തുകളാണ്. പ്രവാചകന്റെ വിയോഗത്തിനു ശേഷം ഖുർആൻ മുസ്ഹഫ് രൂപത്തിൽ ക്രോഡീകരിക്കപ്പെട്ടതും സ്വഹാബികളുടെ കാലശേഷം താബിഇകൾ ഹദീസുകൾ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചു തുട

ങ്ങിയതും ഇതിനുദാഹരണങ്ങളാണ്.

സുന്നത്തിനെയും ബിദ്അത്തിനെയും സംബന്ധിച്ച സാമാന്യജ്ഞാനം അധികമാളുകളും ആർജിക്കാറില്ല. തങ്ങൾ അവലംബിക്കുന്ന മതപണ്ഡിതന്മാർ പറയുന്നതെന്തോ അതാണ് മിക്കവർക്കും സുന്നത്ത്; അവർ എതിർക്കുന്നത് ബിദ്അത്തും. അതുകൊണ്ട് സുന്നത്തിനെ ഏറെ മാനിക്കുന്നവരാണിന്ന് സാധാരണക്കാരുടെ ദൃഷ്ടിയിൽ 'മുബ്തദിഉകൾ.' ബിദ്അത്തുകളുണ്ടാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ കറകളഞ്ഞ സുന്നികളായും കരുതപ്പെടുന്നു!

പുത്തൻ ആചാരങ്ങളുടെ ഗൗരവവും ബിദ്അത്തും സുന്നത്തും തമ്മിലുള്ള അന്തരവും എല്ലാവരും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണെന്നതിന്റെ തെളിവാണ് എല്ലാ വിഭാഗക്കാരും അവരുടെ വെള്ളിയാഴ്ച ഖുത്ബകളുടെ ആമുഖത്തിൽ മേലുദ്ധരിച്ച ഹദീസോ അതിന്റെ പാഠഭേദങ്ങളോ ആശയമോ ആവർത്തിച്ച് ഉദ്ബോധിപ്പിക്കാറുണ്ട് എന്നുള്ളത്. ബിദ്അത്തിനെതിരെ താക്കീത് ചെയ്തുകൊണ്ട് തുടങ്ങുന്ന ഖുത്ബയിൽതന്നെ ചിലപ്പോൾ ബിദ്അത്ത് കടന്നുകൂടുന്നുവെന്നത് വിചിത്രമായ ഒരു വൈരുധ്യമത്രെ. ഖുത്ബയുടെ ഭാഷാതർക്കം ഉദാഹരണം. നബി(സ) അറബിയിലായിരുന്നു ഖുത്ബകൾ നിർവഹിച്ചിരുന്നത്. കാരണം തിരുമേനി അറബിയായിരുന്നു. അവിടത്തെ ശ്രോതാക്കളും അറബികളായിരുന്നു. ഖുത്ബ അറബിയിലേ പാടുള്ളൂ എന്ന് നബി (സ) കൽപിച്ചിട്ടില്ല. അറബിയല്ലാത്ത ഭാഷയിൽ പാടില്ല എന്നു വിലക്കിയിട്ടുമില്ല. മറന്നുപോയതുകൊണ്ടല്ല. ഒരു സദസ്സിനോട് പ്രസംഗിക്കുന്നത് അവർക്ക് മനസ്സിലാകുന്ന ഭാഷയിലായിരിക്കണമെന്നത് ഒരു പ്രവാചകൻ വന്നു പഠിപ്പിച്ചുതരേണ്ട കാര്യമല്ലാത്തതുകൊണ്ടും ആരും പഠിപ്പിക്കാതെ തന്നെ സാമാന്യബുദ്ധിയുള്ളവർക്ക് ഗ്രഹിക്കാവുന്നതുകൊണ്ടുമാണ്.

എങ്കിലും പ്രവാചകന്റെ ഭാഷയിൽ തന്നെ ഖുത്ബ നടത്തുന്നതാണ് ഉത്കൃഷ്ടമെന്ന് ഒരു അനറബി കരുതിയാൽ അയാളെ ആക്ഷേപിക്കേണ്ടതില്ല. അയാൾ ഒരു പ്രമാണത്തെ അവലംബിക്കുന്നുണ്ടല്ലോ. ശ്രോതാക്കൾക്ക് മനസ്സിലാകുംവിധം മാതൃഭാഷയിൽ നാലു വാചകം പറയാനാവാത്തവരും മിമ്പറിൽ കയറി അറബിപ്രസംഗപുസ്തകം വായിച്ചുകൊള്ളട്ടെ. ഏതോ കാലത്ത് ആരോ എഴുതിയ പ്രാസനിബദ്ധമായ കഠാരകുഠാര സാഹിത്യപുസ്തകം നോക്കി വായിക്കുകയായിരുന്നോ നബി (സ) എന്നൊന്നും ചോദിച്ച് അദ്ദേഹത്തെ വിഷമിപ്പിക്കേണ്ട. അദ്ദേഹം ഏതു ഭാഷയിൽ പ്രസംഗിച്ചാലും തുല്യമാണല്ലോ.

പക്ഷേ, ഖുത്ബ സാധുവാകണമെങ്കിൽ അത് അറബിയിലായേ പറ്റൂ എന്ന് ശഠിക്കുമ്പോൾ സംഗതി മാറുന്നു. 'ഖുത്ബ' എന്നാൽ പ്രസംഗമാണ്. ഇനി ഖുത്ബ ദിക്ർ ആണെന്നുവെച്ചാലും ഇമാം മിമ്പറിൽ കയറി സദസ്സിനെ അഭിമുഖീകരിച്ചുനിന്നുകൊണ്ട് മൈക്കിലൂടെ ഉച്ചത്തിൽ നടത്തുന്ന ദിക്ർ വെറും 'സ്മരണ'യല്ല, ഉദ്ബോധനമാണ്. വിശുദ്ധഖുർആൻ തന്നെ അറബിയിലായത്, അത് അറബിയായ പ്രവാചകനിലൂടെ അറബികളിലേക്കിറക്കിയതുകൊണ്ടാണ് (അല്ലാതെ അറബിയിലേ ഖുർആനാകുന്ന ദിക്ർ പാടുള്ളൂ എന്ന് അല്ലാഹുവിന് ശാഠ്യമുണ്ടായതുകൊണ്ടല്ല) എന്ന് ഖുർആൻ സൂറഃ അൽഫുസ്സിലത്ത് 44 -ാം സൂക്തത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഖതീബുമാരെക്കാൾ എത്രയോ ഉന്നതരാണല്ലോ അല്ലാഹുവിന്റെ പ്രവാചകന്മാർ. അവരെപ്പറ്റി അല്ലാഹു പറയുന്നു: "നാം ഒരു പ്രവാചകനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലുള്ള സന്ദേശവും കൊണ്ടല്ലാതെ അയച്ചിട്ടില്ല. (അങ്ങനെ തദ്ദേശഭാഷയിൽ തന്നെ പ്രവാചകനെ നിയോഗിച്ചത്) അദ്ദേഹം അവരെ കാര്യങ്ങൾ സുവ്യക്തമായി ബോധിപ്പിക്കേണ്ടതിനത്രെ" (ഇബ്റാഹീം: 4). പ്രവാചകന്മാരെ നിയോഗിക്കുമ്പോൾ അല്ലാഹു തദ്ദേശഭാഷയെ കണിശമായി പരിഗണിച്ചിട്ടുണ്ടെന്നും ആ പരിഗണന പ്രബോധന ലക്ഷ്യവുമായി ബന്ധപ്പെട്ട യുക്തി(ഹിക്മത്ത്)യും നന്മ (മസ്‌ലഹത്ത്)യും ഉൾക്കൊള്ളുന്നുവെന്നും ഈ ഖുർആൻ സൂക്തം സ്പഷ്ടമാക്കുന്നു. ആ പ്രവാചകവര്യന്മാരുടെ ശിഷ്യന്മാരെന്നവകാശപ്പെടുന്ന പുരോഹിതന്മാർ പറയുന്നു, അവരോട് കൽപിച്ചിട്ടുള്ള വെള്ളിയാഴ്ച ഉദ്ബോധനത്തിൽ പ്രസ്തുത ലക്ഷ്യവും യുക്തിയും നന്മയും ദീക്ഷിച്ചാൽ ഖുത്ബ തന്നെ അസാധുവാകുമെന്ന്!! അല്ലാഹുവിനെയും റസൂലിനെയും മറികടന്നുകൊണ്ട് ആവിഷ്കരിക്കപ്പെടുന്ന ഇത്തരം നിയമങ്ങൾ തള്ളപ്പെടേണ്ട ബിദ്അത്തിൽ കുറഞ്ഞ ഒന്നുമല്ല.

ഇസ്‌ലാമിന്റെ സുപ്രധാനമായ അടിസ്ഥാന തത്ത്വങ്ങളിലൊന്നാണീ ഹദീസ്. ഈ തത്ത്വം അതർഹിക്കുന്ന ഗൗരവത്തോടെ ഉൾക്കൊള്ളാത്തവർക്ക് സുന്നത്തും ബിദ്അത്തും വിവേചിക്കുക പ്രയാസകരമായിരിക്കും. അവർ പുരോഹിതന്മാരാൽ വഴി പിഴപ്പിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയുമാണ് അതിന്റെ ഫലം. 'കർമങ്ങൾ ഉദ്ദേശ്യാനുസൃതമാണ്' എന്ന തിരുവചനം കർമങ്ങളുടെ ആന്തരിക മാനദണ്ഡമാണെങ്കിൽ ഈ നബിവചനം കർമങ്ങളുടെ ബാഹ്യ മാനദണ്ഡമാണ്.

==========================================

*ഉമ്മുൽ മുഅ്മിനീൻ ഉമ്മു അബ്ദില്ലാ ആഇശ എന്നു പറയുന്നത് അബൂബക്ർ സിദ്ദീഖി(റ)ന്റെ പുത്രിയും പ്രവാചകപത്നിയുമായ ആഇശ (റ) തന്നെയാണ്. അവർക്ക് കുട്ടികളുണ്ടായിട്ടില്ല. അവരുടെ സഹോദരി അസ്മാഇ(റ)ന്റെ പുത്രനായ അബ്ദുല്ലാഹിബ്നു സുബൈറി(റ)നെ അവർ എടുത്തുവളർത്തിയിരുന്നു. അതിന്റെ പേരിലാണ് അവർക്ക് 'ഉമ്മുഅബ്ദില്ലാഹ്' (അബ്ദുല്ലയുടെ മാതാവ്) എന്ന പേര് വന്നത്. റസൂൽ (സ) തിരുമേനി തന്നെ ആ പേരിൽ വിളിക്കുന്നത് അവർക്ക് വളരെ ഇഷ്ടമായിരുന്നു.*